**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4553** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖല കാർഷിക രംഗത്ത് നടപ്പാക്കുന്ന കാർഷിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ദെലീമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക രംഗത്ത് വമ്പൻ കുതിപ്പ് നൽകുന്നതിനായി സഹകരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കാർഷിക രംഗത്ത് വമ്പൻ കുതിപ്പ് നൽകുന്നതിനായി സഹകരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ട്.<br><br>പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു .<br><br>സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും ജില്ലകളിൽ നിന്നും ലഭിച്ച കണക്കു പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും കൂടുതലും പച്ചക്കറി കൃഷിയാണ് നടത്തി വന്നത്. കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്യുകയുണ്ടായി.<br><br>ഇതിന്റെ തുടർച്ചയായി ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യവർഷമായി പ്രഖ്യാപിച്ചതിനാൽ ധാന്യവിളകൾക്കും ഈ പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്തുവരുന്നു. വിത്തും തൈകളും ഉല്പാദിപ്പിക്കുന്ന |

സംഘങ്ങളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലുമായി 370.52 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതി നും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തികവർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ) . 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS)ഉം എന്നീ സഹകരണ സംഘങ്ങളും സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും coopkerala മാർക്കോടുകൂടിയ സഹകരണ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉൽപ്പന്നങ്ങൾ

| | | | |
|---|---|---|---|
| | | | ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു. എ. ഇ, ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നതുമാണ്. |
| (ബി) | സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിലെ നൂതന പദ്ധതിയായി വിഭാവനം ചെയ്ത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രസ്തുത പദ്ധതി പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ; | (ബി) | കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തികവർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ) . 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതനപദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | നെൽ കർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നെൽകർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27ന് രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | സഹകരണ മേഖലയിലെ കാർഷിക കടാശ്വാസ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സഹകരണ മേഖലയിലെ കാർഷിക കടാശ്വാസ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.<br><br>വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു. ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് ലഭ്യമായ അവാർഡുകൾ പരിശോധന നടത്തുന്നതിനായി കൃഷി വകുപ്പ് ,സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് / സ്ഥാപനങ്ങൾക്ക് നൽകി വരുകയാണ് ചെയ്തുവരുന്നത്.<br><br>കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക കടം എഴുതി തള്ളുന്നതിനായി പ്രഖ്യാപിച്ച അവാർഡുകളിൽ സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് നൽകിയ അവാർഡുകൾ കൃഷി വകുപ്പ് മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി അവാർഡുകളിൽ 18,51,91,679/-രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 24404 അപേക്ഷകളിന്മേൽ 184,62,35,179/-രൂപയുടെ കടാശ്വാസ തുക അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി കൃഷി വകുപ്പിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും, കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച 71,45,69,969/- രൂപയുടെ |

| | | | |
|---|---|---|---|
| | | | 10437 അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി ജില്ലകൾക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സഹകരണ സംഘത്തിന്റെ പേര് | അനുവദിച്ച ധനസഹായ തുക(ലക്ഷത്തിൽ) | പദ്ധതി സംബന്ധിച്ച വിവരം |
|---|---|---|
| ആനിക്കാട് റീജിയണൽ ഫാർമേഴ്സ് SCB Ltd No.3867, കോട്ടയം | 39.00 | ബാങ്കിന്റെ കയ്യൂരിലുള്ള 50 സെന്റ് സ്ഥലത്ത് സുഫല ഗാർഡൻസ് എന്ന പേരിൽ ഫലവൃക്ഷ പച്ചക്കറി തൈ നഴ്സറിയുടേയും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടേയും ഔദ്യോഗിക ഉൽഘാടനം 2024 ജനുവരിയിൽ ബഹു. സഹകരണ വകുപ്പ് മന്ത്രി നിർവഹിച്ചു. ഗുണമേന്മയുള്ള പച്ചക്കറി തൈകളും വിത്തുകളും അലങ്കാരച്ചെടികളും വിതരണം ചെയ്യുന്നു. ഒരു വനിതക്ക് സ്ഥിരമായും വനിതകൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| പനയാൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.സി 46, കാസർഗോഡ് | 115.00 | 3 ട്രാക്ടർ, 1 കംമ്പയിൻ ഹാർവെസ്റ്റർ, 1 കൊയ്ത്ത് മിഷീൻ, 1 വിന്നോവർ എന്നിവ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ തരിശായി കിടന്ന 25 ഏക്കർ സ്ഥലത്ത് ബാങ്ക് നെൽകൃഷി ഇറക്കുകയും വിളവെടുപ്പിൽ 19 ടൺ നെല്ലും, 650 കെട്ട് വയ്ക്കോൽ എന്നിവ ഉൽപാദിപ്പിച്ചിട്ടുണ്ട്.<br><br>സ്പൈസസ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ഞൾ ഗ്രാമം പദ്ധതി പ്രകാരം 1 ടൺ വിത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.<br>2 ഏക്കർ സ്ഥലത്ത് ബാങ്ക് സ്വന്തമായി കൃഷി ചെയ്തു വരുന്നു. പൾസസ് വില്ലേജ് പദ്ധതി പ്രകാരം പയർ, ഉഴുന്ന്,ചെറുപയർ തുടങ്ങിയ ധാന്യ വിളകൾ കൃഷി ചെയ്യുന്നതിനായി സബ്സിഡി നിരക്കിൽ വിത്തുകൾ വിതരണം ചെയ്യുന്നു. |
| മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.160, കോട്ടയം | 39.00 | ബാങ്കിന് സ്വന്തമായുള്ള 2.5 ഏക്കർ സ്ഥലത്ത് വാഴകൃഷി നടത്തുന്നതിനും, മീൻ കുളം നിർമ്മിക്കുന്നതിനും, ഫെൻസിംഗ് ചെയ്യുന്നതിനായി മാർക്ക് ചെയ്യുന്നതിനും 6,92,300/- രൂപ ചിലവഴിച്ചിട്ടുണ്ട്. |
| മാങ്കുളം സർവ്വീസ് | 39.00 | ടി പദ്ധതിയുടെ ഭാഗമായി പാഷൻ |

| | | |
|---|---|---|
| സഹകരണ ബാങ്ക് ക്ലിപ്തം നം.ഐ 108, ഇടുക്കി | | ഫ്രൂട്ട് കൃഷിയുടെ സംഭരണവും സംസ്കരണവും നടന്നു. വരുന്നു. 40,000 വാഴ വിത്തുകളും 20,000 പച്ചക്കറി വിത്തുകളും വിതരണം ചെയ്തു. കൃഷി ഭവനുമായി സഹകരിച്ച് 29,370 കിലോ വേപ്പിൻ പിണ്ണാക്കിന്റെ വിതരണ പ്രവർത്തനം നടന്നു. തീറ്റപ്പുല്ല് കൃഷി ജെ എൽ ജി ഗ്രൂപ്പ് വഴിയാണ് കൃഷി ചെയ്യുന്നത്. പാഷൻ ഫ്രൂട്ട് - 100 ഏക്കർ വാഴ കൃഷി - 100 ഏക്കർ പച്ചക്കറി - 25 ഏക്കർ എന്നിങ്ങനെ കൃഷി ചെയ്യുന്നു. ബാങ്കിന് സ്വന്തമായുള്ള 44.50 സെന്റ് സ്ഥലത്ത് 1500 സ്ക്വ ഫീ തുറന്ന ലേലമാർക്കറ്റ്, 200 സ്ക്വ ഫീ കോൾഡ് റൂം , 300 ച അടി സ്റ്റോറേജ് ഉൾപ്പെടെയുള്ള ഗ്രാമീണ മാർക്കറ്റിന്റെ പ്രവർത്തനം നടന്നു വരുന്നു. |
| തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 281, ഇടുക്കി | 144.00 | ഡ്രൈഡ് ഫ്രൂട്ട് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 100 KVA ട്രാൻസ് ഫോർമർ വാങ്ങുന്നതിന് ക്വട്ടേഷൻ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 6.10 ലക്ഷം രൂപ ചിലവഴിച്ച് ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഡീഹൈഡ്രേഷൻ ഡ്രയർ യൂണിറ്റ് സ്ഥാപിക്കുന്നതിനു ള്ള ടെന്റർ നടപടി പൂർത്തീകരിക്കുകയും 71 ലക്ഷം രൂപയ്ക്ക് വർക്ക് ഓഡർ നൽകുകയും, യൂണിറ്റ് സ്ഥാപിക്കുന്ന തിനുള്ള 90% വർക്കുകളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ ചിലവഴിച്ച തുക ചുവടെ ചേർക്കുന്നു.<br>1)സിവിൽ വർക്കുകൾ, കിണർ നിർമ്മാണം-53,70,830.00<br>• ഇലക്ട്രിഫിക്കേഷൻ, പ്ളബിംഗ്- 6,85,071.00<br>• മെഷിനറി അഡ്വാൻസ് -43,66,204.00<br>ആകെ -1,04,22,105.00 രൂപ ചിലവഴിച്ചിട്ടുണ്ട്. |
| പട്ടുവം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.സി 132, കണ്ണൂർ | 145.00 | കാർഷിക സേവന കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി ട്രാക്ടർ, വെയിലർ എന്നിവ ഉൾപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് 14,29,903 രൂപ ചിലവഴിച്ചിട്ടുണ്ട്. കൃഷി, കർഷക സേവന പ്രവർത്തനങ്ങൾക്കായി 37,66,470 |

| | | |
|---|---|---|
| | | രൂപ ചിലവഴിച്ചിട്ടുണ്ട്. ആയതിൽ നിന്നും 49,11,741 രൂപ വരുമാനം ഉണ്ടായിട്ടുണ്ട്. ബാങ്ക് ഉൽപാദിപ്പിച്ച നെല്ല് കുത്തി അരിയാക്കി 'പട്ടുവം കുത്തരി' എന്ന പേരിൽ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ വഴി 4 പേർക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്നു. 4000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നെല്ല് വിത്ത് ലഭ്യമാക്കുന്നതിനായും, ചെമ്മീൻപാടം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. |
| ബേഡഡുക്ക ഫാർമേഴ്സ് SCB ക്ലിപ്തം നം.എഫ് 92, കാസർഗോഡ് | 50.00 | ബാങ്ക് പ്രവർത്തനപരിധിക്കകത്തെ മുഴുവൻ കർഷകരുടെയും പച്ചക്കറികൾ സംഭരിക്കുന്നതിന് ബാങ്ക് നിർമ്മിച്ച കോൾഡ് സ്റ്റോറേജ് ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. 50 ടണ്ണിലധികം പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്തു. 9.45 ലക്ഷം രൂപ വിനിയോഗിച്ച് പിക്ക്അപ് വാൻ വാങ്ങി. 23-24 സാമ്പത്തിക വർഷം 17.58 ലക്ഷം രൂപയുടെ പച്ചക്കറി സംഭരിച്ച് വിൽപ്പന നടത്തി 4 പേർക്ക് നേരിട്ടും 100 ലധികം പേർക്ക് അല്ലാതെയും തൊഴിൽ നൽകുന്നതിന് സാധിച്ചു. |
| ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2181, എറണാകുളം | 45.00 | മഴമറയുടെ നിർമ്മാണം 2 സ്ഥലത്തായി 930 $m^2$ ൽ പണി പൂർത്തീകരിക്കുകയും പച്ചക്കറി കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. Iron Banana propping pole, Agri waste shredder, Garden tiler, Cultivator, Bund- former എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. Tissue culture culture Lab & Nursery യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി compound wall, fencing എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**

for